**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2995** **07-10-2025 - ൽ മറുപടിയ്ക്ക്**

**വനംവകുപ്പ് ജീവനക്കാർക്ക് പരിശീലനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ. ഐ. ബി. സതീഷ്,<br>ശ്രീ. കെ. പ്രേംകുമാർ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനംവകുപ്പ് ജീവനക്കാർക്ക് പരിശീലനം നൽകുന്നതിനായി നിലവിൽ എന്തെല്ലാം സംവിധാനങ്ങൾ പ്രവർത്തിക്കുന്നുണ്ട് ; വിശദാംശം ലഭ്യമാക്കാമോ; | (എ) | വനംവകുപ്പ് ജീവനക്കാർക്ക് പരിശീലനം നൽകുന്നതിനായി മാനവശേഷി വിഭാഗത്തിന് കീഴിൽ അരിപ്പ, വാളയാർ എന്നിവിടങ്ങളിലായി രണ്ട് സംസ്ഥാന വനപരിശീലന കേന്ദ്രങ്ങൾ പ്രവർത്തിച്ച് വരുന്നുണ്ട്. ടി പരിശീലന കേന്ദ്രങ്ങളിൽ നിലവിൽ സംരക്ഷണവിഭാഗം ജീവനക്കാരായ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, ബീറ്റ് ഫോറസ്റ്റ് ഓഫീസർ, വൈൽഡ് ലൈഫ് അസിസ്റ്റന്റ്, ഫോറസ്റ്റ് ഡ്രൈവർ എന്നിവർക്ക് പരിശീലനം നൽകി വരുന്നു. കൂടാതെ പി.ടി.പി നഗറിലെ ട്രെയിനിംഗ് സെന്റർ മുഖാന്തിരവും ട്രയിനിംഗ് നൽകുന്നുണ്ട്. ഐ.എം.ജി യുമായി സഹകരിച്ച് തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ ശാഖകൾ മുഖാന്തിരം മിനിസ്റ്റീരിയൽ, ഫീൽഡ് വിഭാഗം ജീവനക്കാർക്ക് വിവിധ പരിശീലനങ്ങൾ നൽകുന്നുണ്ട്. |
| (ബി) | പുതിയ കാലത്തിനനുസരിച്ച് പരിഷ്കാരങ്ങൾ, കോഴ്സുകൾ എന്നിവ വികസിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | പുതിയ കാലത്തിനനുസരിച്ച് നിലവിലെ പരിശീലന സിലബസ്സുകളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി പരിപാടികൾ കാലാനുസൃതമായി പരിഷ്കരിച്ച് വരുന്നുണ്ട്. പ്രകൃതി ദുരന്തങ്ങൾ വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ വനം വകുപ്പിന് കീഴിലുള്ള രണ്ട് സംസ്ഥാന വന പരിശീലന കേന്ദ്രങ്ങളിലും പരിശീലനാർത്ഥികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിനായി ഒരു നീന്തൽ കുളവും, കായികക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഒരു ഇൻഡോർ സ്പോർട്സ് കോംപ്ലക്സും സ്ഥാപിച്ച് അടിസ്ഥാന പരിശീലന സൗകര്യങ്ങൾ മെച്ചപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സമഗ്രമായ രീതിയിൽ നിലവിലെ പരിശീലന സിലബസ്സുകൾ |

| | | | |
|---|---|---|---|
| | | | പരിഷ്കരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നുണ്ട്. |
| (സി) | കാലാവസ്ഥാ വ്യതിയാനം വനത്തിനും വന്യജീവികൾക്കും നിലവിലുള്ള ആവാസ വ്യവസ്ഥക്കും വരുത്തുന്ന മാറ്റങ്ങൾ വിലയിരുത്തി പരിശീലന പരിപാടികളിലും സംരക്ഷണ നടപടികളിലും ആവശ്യമായ നവീകരണം വരുത്തുന്നതിനായുള്ള പദ്ധതികളുണ്ടോ; വിശദമാക്കാമോ; | (സി) | കാലാവസ്ഥാ വ്യതിയാനം ഉൾപ്പെടെയുള്ള സാഹചര്യങ്ങളുടെ ഫലമായി വർദ്ധിച്ച് വരുന്ന മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി അഞ്ച് ദിവസം നീണ്ട് നിൽക്കുന്ന പരിശീലന പരിപാടികൾ അരിപ്പ, വാളയാർ എന്നീ സംസ്ഥാന വനപരിശീലന കേന്ദ്രങ്ങളിൽ നടത്തി വരുന്നുണ്ട്. ആയത് പ്രകാരം കഴിഞ്ഞ സാമ്പത്തിക വർഷം 345 സംരക്ഷണ വിഭാഗം ജീവനക്കാർക്കും, ഈ സാമ്പത്തിക വർഷം നാളിതുവരെ 138 സംരക്ഷണ വിഭാഗം ജീവനക്കാർക്കും പരിശീലനം നൽകിയിട്ടുണ്ട്. |
| (ഡി) | വനാശ്രിത സമൂഹത്തെ ഉപയോഗപ്പെടുത്തി വനപരിപാലന-ജാഗ്രതാ പരിപാടികൾ സംഘടിപ്പിക്കുന്നതിന്റെ വിശദാംശം നൽകാമോ? | (ഡി) | പരമ്പരാഗത വനാശ്രിത സമൂഹത്തിന്റെ വനാശ്രിതത്വം കുറയ്ക്കുന്നതിനും മെച്ചപ്പെട്ട ജീവിത സാഹചര്യം ഒരുക്കുന്നതിനും ലക്ഷ്യം വച്ചുകൊണ്ട് വിവിധ വനപരിപാലന സംരക്ഷണ പ്രവർത്തനങ്ങളിൽ അവരുടെ സേവനങ്ങൾ പ്രയോജനപ്പെടുത്തി വരുന്നു. വിവിധ വനസംരക്ഷണ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തുക, മെച്ചപ്പെട്ട വരുമാനദായക തൊഴിൽ മേഖലകളിൽ പരിശീലനവും തൊഴിൽ സാദ്ധ്യതകളും നൽകുക, വനം-വന്യജീവി സൗഹൃദ കൃഷി പ്രോത്സാഹിപ്പിക്കുക, പരമ്പരാഗത തടിയിതര വിഭവങ്ങളുടെ മൂല്യ വർദ്ധിത വിപണനത്തിന് സഹായിക്കുക, ഇക്കോ-ടൂറിസം പ്രവർത്തനങ്ങളിൽ പങ്കാളിത്തം നൽകുക, വനം-വന്യജീവി പരിസ്ഥിതി വിഷയങ്ങളിൽ പൊതുജനത്തിന് ബോധവൽക്കരണം നൽകുക, തുടങ്ങി ഒട്ടേറെ പരിപാടികളിൽ പരമ്പരാഗത വനാശ്രിത സമൂഹത്തിന്റെ ഊർജ്ജിതമായ സഹകരണം ഉറപ്പാക്കുന്നുണ്ട്.<br><br>മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ പ്രവർത്തനങ്ങളിലും വനാശ്രിത സമൂഹം പങ്ക് വഹിക്കുന്നുണ്ട്. മനുഷ്യ-വന്യജീവി സംഘർഷ മേഖലകളിൽ വന്യമൃഗങ്ങളെ സുരക്ഷിതമായി തിരികെ കാട്ടിലേക്ക് മടക്കി അയയ്ക്കുന്നതിനും RRT കളെ സഹായിക്കുന്നതിനും വനാശ്രിത സമൂഹത്തിലെ അംഗങ്ങൾ പങ്കെടുക്കുന്നു.<br><br>മനുഷ്യ-വന്യജീവി സംഘർഷം അനുഭവപ്പെടുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ രൂപീകരിച്ചിട്ടുള്ള ജനജാഗ്രതാ സമിതികളിൽ വനാശ്രിത സമൂഹത്തിന്റെ പ്രതിനിധികൾ അംഗങ്ങളാണ്. മനുഷ്യ-വന്യജീവി സംഘർഷങ്ങളുടെ പ്രാദേശികമായ കാരണങ്ങൾ അവലോകനം |

ചെയ്യുന്നതിനും ലഘൂകരണ മാർഗ്ഗങ്ങൾക്കുള്ള മാർഗ്ഗ നിർദേശങ്ങൾ രൂപീകരിക്കുന്നതിനും ഇവരുടെ പങ്കാളിത്തം ജനജാഗ്രതാ സമിതികളിൽ വളരെ പ്രാധാന്യമുള്ളതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രതിനിധികൾ, ബന്ധപ്പെട്ട മറ്റ് വകുപ്പുകളുടെ പ്രതിനിധികൾ, VSS EDC അംഗങ്ങൾ, കർഷകർ ഉൾപ്പെടെയുള്ള പൊതുജനങ്ങൾ എന്നിവരടങ്ങുന്ന 280 ജനജാഗ്രത സമിതികൾ രൂപീകരിച്ച് മനുഷ്യ-വന്യജീവി സംഘർഷത്തെ നേരിടുന്നതിലേക്ക് പ്രവർത്തിച്ച് വരുന്നുണ്ട്.

മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണത്തിനായി രൂപീകരിച്ചിട്ടുള്ള സന്നദ്ധ പ്രാഥമിക പ്രതികരണ സേനയായ പ്രൈമറി റെസ്പോൺസ് ടീമുകളിലും പരമ്പരാഗത വനാശ്രിത സമൂഹത്തിലെ അംഗങ്ങൾ സന്നദ്ധ പ്രവർത്തകരാണ്. ജനവാസമേഖലകളിൽ വന്യജീവി സാന്നിദ്ധ്യം ശ്രദ്ധയിൽപ്പെട്ടാൽ RRT എത്തിച്ചേരുന്നതുവരെ വന്യജീവികളുടെ സാന്നിദ്ധ്യം സംഘർഷത്തിലേക്ക് എത്താതെ പ്രദേശ വാസികൾക്ക് സുരക്ഷയൊരുക്കുവാൻ പ്രദേശവാസികളിൽ നിന്നും തന്നെ തെരഞ്ഞെടുക്കപ്പെട്ട സന്നദ്ധ പ്രവർത്തകരുടെ സംഘമാണ് സന്നദ്ധ പ്രാഥമിക പ്രതികരണ സേനകൾ. നിലവിൽ വിവിധ പഞ്ചായത്തുകളിലായി 327 പ്രൈമറി റെസ്പോൺസ് ടീമുകൾ രൂപീകരിച്ചിട്ടുണ്ട്.

മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ-നിവാരണ പ്രവർത്തനങ്ങൾക്കായി പരമ്പരാഗത വനാശ്രിത സമൂഹം സ്വീകരിച്ച് പോന്നിരുന്ന പ്രവർത്തനങ്ങളും രീതികളും പഠിക്കുന്നതിനും ക്രോഡീകരിക്കുന്നതിനുമായി രൂപം നൽകിയിട്ടുള്ള 'ഗോത്രഭേരി' എന്ന മിഷൻ ട്രൈബൽ നോളജ് പരിപാടിയിൽ പങ്കെടുത്ത് പരമ്പരാഗത അറിവുകൾ പങ്കുവയ്ക്കാൻ വനാശ്രിത സമൂഹം മുന്നോട്ട് വന്നിട്ടുണ്ട്. ഇത്തരത്തിൽ 18 സെമിനാറുകളിൽ 360 ഉന്നതികളിൽ നിന്നുമുള്ള 1016 പേരാണ് പങ്കെടുത്ത് പരമ്പരാഗത അറിവുകൾ പങ്കുവച്ചത്.

കൂടാതെ, വന മേഖലയിൽ പ്രവർത്തിക്കുന്ന വന സംരക്ഷണ ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റി അംഗങ്ങളെ ഉൾപ്പെടുത്തി വനപരിപാലന ജാഗ്രതാ പരിപാടി കൾ ഡിവിഷൻ തലത്തിലും, റെയിഞ്ച് തലത്തിലും നടത്തി വരുന്നു. ഇപ്രകാരം നടത്തുന്ന പരിപാടിയിൽ ആരോഗ്യ പരിപാലനം, മദ്യം, മയക്കുമരുന്ന് തുടങ്ങിയവയുടെ ദൂഷ്യഫലങ്ങൾ, സ്വയം പര്യാപ്തത കൈവരിക്കുന്നതിനാവശ്യമായ നൈപുണ്യ

| | | | |
|---|---|---|---|
| | | | പരിശീലനം എന്നീ വിഷയങ്ങളിൽ വനാശ്രിത സമൂഹത്തിന് ബോധവൽക്കരണം നൽകി വരുന്നു. ഇവരുടെ സഹകരണത്തോടും, പങ്കാളത്തത്തോടും കൂടി കാട്ടുതീ പ്രതിരോധം, കഞ്ചാവ് കൃഷി തടയൽ, അനധികൃത മരംമുറി എന്നീ വനനശീകരണ പ്രവർത്തനങ്ങളിൽ വനം വകുപ്പിന് സഹായകമാവുംവണ്ണം പ്രവർത്തിക്കുവാൻ പ്രാപ്തരാക്കിയും വരുന്നു. |

സെക്ഷൻ ഓഫീസർ